**ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് റിപ്പോർട്ട്  2023–26 ബാച്ച്**

ഇടയാറന്മുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിലെ 2023–26 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 2023 ജൂലൈ അഞ്ചാം തീയതി ഐടി ലാബിൽ നടന്നു.ഹെഡ്മിസ്ട്രസ് ശ്രീമതി അനിലാ സാമുവേൽ ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് ശ്രീ അനീഷ് ബെഞ്ചമിൻ ആശംസ അറിയിച്ചു.

പത്തനംതിട്ട ജില്ല KITE കോഓർഡിനേറ്റർ ശ്രീ പ്രവീൺ സാർ കുട്ടികൾക്ക് ക്ലാസ്  എടുത്തു. അദ്ദേഹം റോബോട്ടിക്സ് , പ്രോഗ്രാമിങ്, അനിമേഷൻ തുടങ്ങി പല കാര്യങ്ങൾക്കും ക്ലാസ്  എടുത്തു . അദ്ദേഹം ഭാവിയിൽ ഉള്ള ക്ലാസ് റൂം, ഇന്റർനെറ്റിന്റ പലതരത്തിലുള്ള ഉപയോഗങ്ങൾ എന്നിവയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. മത്സര രൂപത്തിലായിരുന്നു ക്ലാസ്.

കുട്ടികളെ AI , VR, Robo, G.P.S , എന്നിങ്ങനെ പല ഗ്രൂപ്പുകൾ ആക്കിയിരുന്നു. AI ടീം വിജയിച്ചു . കൈറ്റ് മിസ്ട്രസ്  ആശ ടീച്ചർ കൃതജ്ഞത അറിയിച്ചു.ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ലീഡർ അഖിൽ പി സന്തോഷ് ഫീഡ്ബാക്ക് അവതരിപ്പിച്ചു.

ലിറ്റിൽ കൈറ്റ്സ് ലീഡർ<br>
അഖിൽ പി സന്തോഷ്